Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ജലസംഭരണി

339(4349) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ (എൽ) വകുപ്പിൽ നിന്നും നം.42/എൽ2/2020/റവ., 16-9-2020 തീയതി പ്രകാരമുള്ള കത്ത് കോഴിക്കോട് ജില്ലാ കലക്ടർക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലഭിച്ചിട്ടുണ്ട്.

(ബി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ജലസംഭരണി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരളവാട്ടർ അതോറിറ്റി എം.ഡി. നിർദ്ദിഷ്ട മാതൃകയിലുള്ള അർത്ഥനാ പത്രം കോഴിക്കോട് ജില്ലാ കലക്ടർക്ക് നൽകിയിട്ടുണ്ടോ?

അർത്ഥനാ പത്രം സമർപ്പിച്ചിട്ടില്ല.

(സി) നൽകിയിട്ടില്ലായെങ്കിൽ പ്രസ്തുത അർത്ഥനാ പത്രത്തിന്റെ മാതൃകയുടെ പകർപ്പ് ലഭ്യമാക്കാമോ?

പാട്ടത്തിനുള്ള അപേക്ഷാ ഫോറം (form.5)-ന്റെ മാതൃക ഇതോടൊന്നിച്ച് ലഭ്യമാക്കുന്നു.*

(ഡി) അർത്ഥനാ പത്രത്തോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പാട്ടത്തിനുള്ള അപേക്ഷയുടെ മൂന്ന് പകർപ്പുകൾ ലഭ്യമാക്കിയ ശേഷം തഹസിൽദാർ മുഖാന്തരം അന്വേഷണം നടത്തി ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കാവുന്നതും, ഭൂമി പാട്ടത്തിന് അനുവദിക്കാവുന്നതുമാണ്.

വയക്കര വില്ലേജ് വിഭജനം

340(4350) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ വിസ്തൃതിയിൽ ഏറ്റവും വലുതായ വയക്കര വില്ലേജ് രണ്ട് പഞ്ചായത്തുകളിലായി വരുന്നത് ജനങ്ങൾക്ക് വലിയ പ്രയാസം ഉണ്ടാക്കുന്നതിനാൽ പ്രസ്തുത വില്ലേജ് വിഭജിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

തമ്മാനിമറ്റത്തെ തൂക്കുപാലത്തിന്റെ പുനർനിർമ്മാണം

341(4351) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും 2018-ലെ മഹാപ്രളയത്തിൽ തകർന്നതുമായ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റത്ത് മൂവാറ്റുപുഴയാറിലെ തൂക്കുപാലം പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

തമ്മാനിമറ്റം തൂക്കുപാലത്തിന്റെ നിർമ്മാണം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് മൂവാറ്റുപുഴ പി.ഡബ്ല്യു.ഡി (റോഡ്സ് & ബ്രിഡ്ജസ്) വിഭാഗത്തിന്റെ കീഴിൽ Kerala Electrical and Allied Engineering Co.Ltd. (KEL), മാമലയാണ് നടത്തിയിട്ടുള്ളത്. ഇത്തരം നിർമ്മിതികൾ കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിന് വിരുദ്ധമായതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിച്ചതിന് അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)ന്റെ തടസ്സവാദം നിലനിൽക്കുന്നുണ്ട്. കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം, പ്രകൃതി ദുരന്തത്തിൽ തകർന്ന തൂക്കുപാലത്തിന്റെ അടിയന്തര പുനരുദ്ധാരണം മാത്രമേ ഈ തുക വിനിയോഗിച്ച് സാധ്യമാകുകയുള്ളൂ. പുനർനിർമ്മിക്കാൻ ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുകയില്ല.

പൊതുജനങ്ങൾ നൽകിയ അപേക്ഷകൾ

342(4352) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സബ്കളക്ടർ ഓഫീസിൽ പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നൽകിയ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

3329 അപേക്ഷകൾ